ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ഇതുവരെ 559 ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) 611 പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്.

(ഡി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

58 (346) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഷെഡ്യൂളുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയിലെയും യാത്രക്കാരുടെ തിരക്കു കൂടുതൽ ഉള്ളതും വരുമാനം കൂടുതൽ ലഭിക്കുന്നതുമായ സർവ്വീസുകൾക്കും മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്. വരുമാനചോർച്ച തടയുന്നതിനും കൃത്യത പാലിക്കുന്നതു ഉറപ്പു വരുത്താനും ലൈൻ ഇൻസ്പെക്ഷൻ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ദീർഘദൂരസർവ്വീസുകളുടെ കാര്യക്ഷമമായ ഓപ്പറേഷനുവേണ്ടി പുതിയ ബസ്സുകൾ ഇത്തരം സർവീസുകൾക്കായി വിനിയോഗിക്കുന്നതാണ്. നാഷണൽ ഹൈവേ, എം.സി.റോഡ് എന്നിവയിലൂടെ കൂടുതൽ ദീർഘദൂര സർവ്വീസുകൾ ഏർപ്പെടുത്തുന്നതാണ്. കണ്ണൂർ - കാസർഗോഡ് കോട്ടയം-കുമിളി, പാലക്കാട് തൃശ്ശൂർ - കായംകുളം- പുനലൂർ-കുളത്തുപ്പുഴ എന്നീ ദേശസാൽകൃത മേഖലയിൽ സ്വകാര്യ മേഖലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർവ്വീസുകൾ നടത്തുന്നതാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകൾ എ,ബി,സി,ഡി, വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. കൂടുതൽ വരുമാനം ലഭിക്കുന്ന എ,ബി. വിഭാഗത്തിലെ സർവ്വീസുകൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ബസ് ക്രൂ മാരേജ് ആണ് ഒരു പദ്ധതി. ഇതനുസരിച്ച് സ്ഥിരമായി ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്ന സർവ്വീസുകൾക്ക് രണ്ട് ഡ്രൈവർമാരെയും രണ്ടു കണ്ടക്ടർമാരെയും സ്ഥിരമായി അലോട്ട് ചെയ്യുകയെന്നതാണ്. കൂടാതെ ഒരു വണ്ടിക്ക് ഒന്ന് എന്ന രീതിയിൽ മെക്കാനിക്കൽ സ്റ്റാഫിനെയും അനുവദിക്കും. ഒരു ബസ്സിന്റെ പൂർണ്ണ ചുമതല ഈ ടീമിനായിരിക്കും. വരു

LIBRARY ARCHIVES Kerala Legislative Assembly

മാനം വർദ്ധിപ്പിക്കാനായി ജീവനക്കാർക്കുള്ള ഇൻസെന്റീവ് സ്കീമും പരിഷ്കരിച്ചിട്ടുണ്ട്.

59 (347) റോഡപകടങ്ങളെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റികൾ

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളെക്കുറിച്ച് പഠിക്കുവാൻ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയിൽമേൽ സ്വീകരിച്ച നടപടികൾ വിവരിക്കാമോ;

(സി) റോഡപകടങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വാഹന നിയമങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9-5-1997-ൽ ജി.ഒ.(എം.എസ്) 55/97/ പി.ഡബ്ല്യൂ. ആന്റ് ടി. പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29-8-97-ലെ ജി.ഒ (എം.എസ്) 91/97/ പി.ഡബ്ല്യൂ ആന്റ് ടി പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഉന്നതാധികാര സമിതി രൂപീകരിച്ചു. ഈ സമിതി സമർപ്പിച്ച ശുപാർശകളും നിർദ്ദേശങ്ങളും ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ബന്ധപ്പെട്ട വകുപ്പുകൾ ഇത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുകയും ഇടയ്ക്കിടെ അവലോകനം നടത്തുകയും ചെയ്തുവരുന്നു.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്

(ഇ) കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

60 (348) സ്വകാര്യ ബസ്സുകളുടെ അമിത വേഗത കുറയ്ക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ബസ്സുകളുടെ അമിത വേഗതയും മത്സര ഓട്ടവും അടിക്കടി അപകടങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly